പരമകാരുണികനും ഏറ്റവും ദയാപരനുമായ അല്ലാഹുവിന്റെ നാമത്തിൽ

# വാഹനാപകടങ്ങൾ കുറയ്ക്കാൻ നമുക്ക് കൈകോർക്കാം

ഭൂമിയെ നമുക്ക് ജീവിക്കാൻ അനുയോജ്യമാക്കിയവനും നമുക്ക് സഞ്ചരിക്കാൻ ധാരാളം ഇടമുള്ള പാതകൾ നൽകിയവനുമായ അല്ലാഹുവിന് എല്ലാ സ്തുതിയും ചേരട്ടെ. ദയാവായ്പോട് കൂടിയ അനുഗ്രഹങ്ങൾ നമ്മിൽ ചൊരിയാൻ അല്ലാഹുവിനോട് അപേക്ഷിച്ചുകൊണ്ടും അവന്റെ ഭയാനകമായ പ്രതികാരാഗ്നിയുടെ ആഘാതത്തിൽ നിന്ന് രക്ഷപ്പെടാൻ അവനിൽ അഭയം തേടിക്കൊണ്ടും ഞാൻ അല്ലാഹുവിന് നന്ദി പറയുകയും അവനെ സ്തുതിക്കുകയും ചെയ്യുന്നു. അല്ലാഹുവല്ലാതെ ആരാധനയ്ക്ക് യോഗ്യനായ മറ്റൊരു ദൈവമില്ലെന്നതിനും അല്ലാഹുവിന്റെ ദാസനും ദൂതനുമാണ് മുഹമ്മദ് നബി (സ്വ) എന്നതിനും ഞാൻ സാക്ഷ്യം വഹിക്കുന്നു. ഭൂമിയിലെ ഏറ്റവും യോഗ്യരായവരാണ് നബി തിരുമേനിയുടെ അനുയായികളായി ഉണ്ടായിരുന്നത്. അവനവർക്ക് വഴികളിൽ പാലിക്കേണ്ട മര്യാദകൾ വിശദീകരിച്ച് നൽകി, അത്തരം മര്യാദകൾ കടുകിടെ തെറ്റിക്കാതെ പാലിക്കണമെന്നും അനുശാസിച്ചു. മുഹമ്മദ് നബിയിലും (സ്വ) അവന്റെ കുടുംബാംഗങ്ങളിലും അനുയായികളിലും ആത്മാർത്ഥതയോടെ അവനെ പിന്തുടർന്നവരിലും, ഉയിർത്തെഴുന്നേൽപ്പിന്റെ നാൾ വരെ അല്ലാഹു സമാധാനവും ബഹുമതിയും ചൊരിയട്ടെ.

അല്ലാഹുവിന്റെ ദാസരേ!

ദിവസവും നമ്മൾ റോഡപകടങ്ങളെന്ന ദുരന്തത്തെ കുറിച്ച് കേൾക്കുന്നു. ഇതിന്റെ കാരണങ്ങൾ ഒട്ടനവധിയാണ്, സാഹചര്യങ്ങൾ പലതുമാണ്. എന്നാലും, ഇതിന്റെ അനന്തരഫലങ്ങൾ ഞെട്ടിപ്പിക്കുന്നവയാണ്. ആളുകൾ കൊല്ലപ്പെടുന്നു. രക്തം ചൊരിയപ്പെടുന്നു. ലക്ഷ്യസ്ഥാനത്തിന് എത്തുന്നതിന് മുമ്പേ ആത്മാവുകളെ മരണം കൊയ്തെടുക്കുന്നു. മാധ്യമങ്ങളിലൂടെ നാം പലതരം റോഡപകടങ്ങളെ കുറിച്ച് കേൾക്കുന്നു, വായിക്കുന്നു, കാണുന്നു. കാർ അപകടത്തിൽ മരിച്ച ഒരു യുവാവിതാ. ഭയാനകമായ അപകടത്തിൽ കൊല്ലപ്പെട്ട ഒരു യുവതിയിതാ. മാതാപിതാക്കൾ മരിച്ചതിനാൽ കുട്ടിക്കാലം മുഴുവൻ അനാഥനായി കഴിയാൻ വിധിക്കപ്പെട്ട ഒരു കുട്ടിയിതാ. വാഹനാപകടത്തിൽ ഭർത്താവ് കൊല്ലപ്പെട്ടതിനാൽ വിധവയാകപ്പെട്ട പെൺകുട്ടിയിതാ. ദുഃഖത്തിന്റെ കണ്ണീർ വീണ് അവൾ തകർന്ന് പോയിരിക്കുന്നു, ഓർമ്മകൾ വന്ന് നിറയുന്നതിനാൽ അവളുടെ ഹൃദയം നുറുങ്ങിയിരിക്കുന്നു. കുടുംബത്തിനും ബന്ധുക്കൾക്കും ആശ്രിതർക്കും അഭയസ്ഥാനമാകേണ്ട എത്രയെത്ര ചെറുപ്പക്കാരാണ് വാഹനാപകടങ്ങളിൽ പെട്ട് ഒരു ചെറുവിരൽ പോലും അനക്കാനാവാതെ തളർന്നുകിടക്കുന്നത്! മറ്റുള്ളവർക്ക് ആശ്രയം നൽകേണ്ട ഇവരിപ്പോൾ

മറ്റുള്ളവരെ ആശ്രയിച്ച് ജീവൻ നിലനിർത്തുന്നു. നമ്മളെല്ലാവരും ആശുപത്രികൾ സന്ദർശിക്കുന്നവരല്ലേ? ദുരന്തങ്ങളും വേദനയും വ്യസനവും നിറയുന്ന ആശുപത്രികൾ വല്ലാത്തൊരു ദൃശ്യം തന്നെ. രാത്രിയും പകലും കടന്നുപോകുന്നത് എണ്ണിക്കൊണ്ട്, മറ്റൊന്നും ചെയ്യാനാകാതെ, നിസ്സഹായരായി ആശുപത്രിക്കിടക്കകളിൽ അനേകം പേർ ദുരിതജീവിതം നയിക്കുന്നു. ഒരു കിടക്കയിൽ അവയവങ്ങൾ മുറിച്ചുമാറ്റിയ ഒരാൾ കിടക്കുന്നു, തൊട്ടടുത്തുതന്നെ മുറിവുകളിൽ നിന്നുയരുന്ന വേദന കടിച്ചുതിന്നുകൊണ്ട് മറ്റൊരാൾ കിടക്കുന്നു. [തീർച്ചയായും അവരുടെ ചരിത്രത്തിൽ ബുദ്ധിമാൻമാർക്ക് പാഠമുണ്ട്. അത് കെട്ടിയുണ്ടാക്കാവുന്ന ഒരു വർത്തമാനമല്ല. പ്രത്യുത; അതിൻറെ മുമ്പുള്ളതിനെ (വേദങ്ങളെ) ശരിവെക്കുന്നതും, എല്ലാകാര്യത്തെയും സംബന്ധിച്ചുള്ള ഒരു വിശദീകരണവും വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും കാരുണ്യവുമാകുന്നു അത്] (സൂറത്ത് അൽ യൂസുഫ് 2).

സത്യത്തിൽ റോഡുകളിലൂടെ പതുക്കെയും സൗമ്യമായും നടക്കുകയെന്നത് പരമകാരുണികന്റെ ദാസരുടെ ഒരു പ്രത്യേകതയാണ്. അത്തരക്കാരെ പരമകാരുണികനായ അല്ലാഹു ഇങ്ങിനെ പുകഴ്ത്തുന്നു, [പരമകാരുണികന്റെ ദാസൻമാർ ഭൂമിയിൽ കൂടി വിനയത്തോടെ നടക്കുന്നവരും, അവിവേകികൾ തങ്ങളോട് സംസാരിച്ചാൽ സമാധാനപരമായി മറുപടി നൽകുന്നവരുമാകുന്നു] (സൂറത്ത് അൽ ഫുർഖാൻ 63). അല്ലാഹുവിന്റെ ദാസർ സൗമ്യതയോടെയും വിനയത്തോടെയുമാണ് റോഡുകളിൽ സഞ്ചരിക്കുക. അവർ വേഷം കെട്ടില്ല, അഭിനയിക്കില്ല, പൊങ്ങച്ചത്തോടെയോ ഊറ്റത്തോടെയോ പെരുമാറില്ല. അധമത്വത്തിൽ നിന്നോ അപമാനത്തിൽ നിന്നോ സ്വതന്ത്രമായതും, സന്തുലിതമായ വ്യക്തിത്വവും ആത്മവിശ്വാസവും പ്രതിഫലിപ്പിക്കുന്നതുമായ നടത്തമായിരിക്കും അവരിൽ നിന്ന് ഉണ്ടാവുക. മുഹമ്മദ് നബിയുടെ (സ്വ) മാതൃകയാണ് അവർ പിന്തുടരുക. (കൂടെ നടക്കുന്ന അനുയായികകളോട് (പ്രിയ ജനങ്ങളേ, പതുക്കെ, പതുക്കെ) എന്നവർ പറയാറുണ്ടായിരുന്നു). ഒട്ടകപ്പുറത്ത് സഞ്ചരിക്കുമ്പോൾ മൂക്കുകയർ മുറുക്കിക്കൊണ്ട് ഒട്ടകത്തിന്റെ വേഗത കുറയ്ക്കാൻ മുഹമ്മദ് നബി (സ്വ) ശ്രദ്ധിക്കാറുണ്ടായിരുന്നു, കാരണം കൂടെയുള്ള മുസ്ലീങ്ങൾക്ക് തന്നോടൊപ്പം എത്താൻ വേഗത്തിൽ നടക്കേണ്ടി വരുമെന്ന് അവൻ ഭയന്നു. യാത്ര ചെയ്യുമ്പോൾ ആർക്കും ബുദ്ധിമുട്ട് ഉണ്ടാകരുതെന്ന് അവൻ കരുതി. വാഹനങ്ങളെ മറികടക്കുന്നത് നിരോധിച്ചിരിക്കുന്ന ഇടത്തുപോലും മറ്റ് വാഹനങ്ങളെ മറികടക്കാൻ ചീറിപ്പായുന്ന ഡ്രൈവർമാരിൽ പ്രവാചകന്റെ (സ്വ) ഈ അത്ഭുതകരമായ പെരുമാറ്റം കാണാനാകുമോ? നിയമങ്ങളും നിയന്ത്രണങ്ങളും ഇത്തരക്കാർ ലംഘിക്കുന്നുവെന്ന് മാത്രമല്ല, മറ്റുള്ളവരുടെ ജീവനെയും വസ്തുവകകളെയും ഇവർ അപകടത്തിലാക്കുന്നു.

അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട സ്വഭാവരീതികളിൽ ഒന്നാണ് സൗമ്യത. സൗമ്യതയുള്ളവരെ തേടി അല്ലാഹുവിന്റെ അനുഗ്രഹവും കൃപയും എത്തുന്നു. അബു അദ്-ദാർദ് ഇങ്ങനെ എഴുതിയിരിക്കുന്നു: നബി പ്രവാചകൻ (സ്വ) പറഞ്ഞു: (ദയാവായ്പിന്റെ ഒരു ഭാഗം നൽകുന്നവന് ദയാവായ്പിന്റെ ഒരു ഭാഗം പകരമായി ലഭിക്കുന്നു, ആർക്കെങ്കിലും ദയ നൽകാൻ മടിക്കുന്നവർക്ക് തിരികെ ദയ ലഭിക്കുകയുമില്ല). അതുകൊണ്ട്, പൊതുവെയുള്ള കാര്യങ്ങളിൽ സൗമ്യതയും ശാന്തതയും എല്ലാ മുസ്ലീങ്ങളുടെയും സ്വഭാവമാകണം, വാഹനങ്ങൾ ഓടിക്കുമ്പോൾ പ്രത്യേകിച്ചും.

അല്ലാഹുവിന്റെ ദാസരേ!

ശ്രദ്ധ തെറ്റിക്കുകയോ മുന്നിലുള്ള കാഴ്ച മറയ്ക്കുകയോ ചെയ്യുന്ന എന്തിൽ നിന്നും ഒഴിഞ്ഞുനിൽക്കുകയാണ് റോഡിൽ വാഹനമോടിക്കുന്ന ആരും പാലിക്കേണ്ട സാമാന്യ മര്യാദകളിൽ ഒന്ന്. മൊബൈൽ ഫോണുകളുടെ ഉപയോഗം അത്തരത്തിലുള്ള ഒന്നാണ്.

കൂടുതലായി, ക്ഷീണമുള്ളപ്പോഴോ മയക്കം വരുന്നത് പോലെ തോന്നുമ്പോഴോ ആരും വാഹനം എടുക്കാൻ പാടുള്ളതല്ല. മയക്കം തോന്നുന്ന സമയത്ത് പ്രാർത്ഥന ചൊല്ലുന്നതിൽ നിന്ന് ആളുകളെ നബി തിരുമേനി (സ്വ) തടഞ്ഞിരുന്നു. അതുപോലെ സ്വന്തം ജീവനെ രക്ഷിക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും ഇത്തരം സന്ദർഭങ്ങളിൽ വാഹനം ഓടിക്കാനും പാടില്ല. നബി തിരുമേനി ഇങ്ങനെ ഉപദേശിച്ചതായി അയിഷ (അവളെ ദൈവം അനുഗ്രഹിക്കട്ടെ, നബി തിരുമേനിയിലും അല്ലാഹു ശാന്തിയും സമാധാനവും ചൊരിയട്ടെ) പറഞ്ഞിട്ടുണ്ട്, "നിങ്ങൾക്ക് ഉറക്കക്ഷീണം ഉണ്ടെങ്കിൽ ഉറക്കം നിങ്ങളെ വിട്ടൊഴിയുന്നത് വരെ പ്രാർത്ഥിക്കരുത്, കാരണം നിങ്ങൾ ഉറക്കക്ഷീണത്തിൽ ആയിരിക്കുമ്പോൾ നിങ്ങൾ (സത്യത്തിൽ) മാപ്പിനായിട്ടാണ് നിങ്ങൾ അപേക്ഷിക്കാൻ ഉദ്ദേശിക്കുന്നതെങ്കിലും ചോദിക്കുന്നത് അപായം നൽകുന്നതിനായിരിക്കാം."

അല്ലാഹുവിന്റെ ദാസരേ!

അല്ലാഹുവിനെ ഭയക്കുക, അശ്രദ്ധ, അവഗണന, വീണ്ടുവിചാരമില്ലായ്മ, അമിതമായ വേഗത എന്നിവയ്ക്കെതിരെ ജാഗ്രത പാലിക്കുക, കാരണം കണക്കുകൾ അതാണ് നമ്മോട് ആവശ്യപ്പെടുന്നത്. ഹൃദയമുള്ളവർക്കും സ്വബോധമുള്ളവർക്കും മുന്നിൽ ചൂണ്ടുപലകമായി നിൽക്കുന്ന അപകടക്കണക്കുകളെ തള്ളിക്കളയാനാകില്ല.

എനിക്കും നിങ്ങൾക്കും ലോകത്തിലെ മറ്റ് മുസ്ലീങ്ങൾക്കും വേണ്ടി അല്ലാഹുവിൽ നിന്ന് ഞാൻ മാപ്പപേക്ഷിക്കുന്നു. മാപ്പുനൽകുന്നവനും ദയാപരനുമാണ് അല്ലാഹു. മാപ്പപേക്ഷിക്കുന്ന നിങ്ങളോട് അവൻ പ്രതികരിക്കും. മാപ്പ് അപേക്ഷിക്കുന്നവരെ അവനൊരിക്കലും കൈവിടില്ല, ദയാനിധിയാണ് അവൻ.

***********************************

മനുഷ്യരെ സൃഷ്ടിച്ചവനും അവർക്ക് ഉപജീവനമാർഗ്ഗങ്ങളും സുരക്ഷയും സുഗമമാക്കിക്കൊടുത്തവനും ഉദാരശീലനും ദയാപരനുമായ അല്ലാഹുവിന് എല്ലാ സ്തുതിയും. അശ്രദ്ധ, അവഗണന, വീണ്ടുവിചാരമില്ലായ്മ, അമിത വേഗത എന്നിവയിൽ ജാഗ്രത പാലിക്കാൻ അല്ലാഹു കൽപ്പിച്ചു. നമുക്ക് മാർഗ്ഗനിർദ്ദേശകനായും നല്ല വാർത്തകൾ നൽകുന്നവനായും മുന്നറിയിപ്പ് തരുന്നവനായും അല്ലാഹു അയച്ച നബി തിരുമേനിയിലും (സ്വ) അവന്റെ കുടുംബാംഗങ്ങളിലും അനുയായികളിലും ഉയിർത്തെഴുന്നേൽപ്പിന്റെ നാൾ വരെ അല്ലാഹു സമാധാനവും ബഹുമതിയും ചൊരിയട്ടെ.

പ്രിയ മുസ്ലീങ്ങളേ!

വ്യക്തികൾക്കും കുടുംബങ്ങൾക്കും സമൂഹങ്ങൾക്കും രാഷ്ട്രങ്ങൾക്കും വാഹനാപകടങ്ങൾ വളരെയേറെ നാശനഷ്ടങ്ങൾ വരുത്തിവച്ചിട്ടുണ്ട്. നിഷ്കളങ്കരായ കുഞ്ഞുങ്ങളുടെ അനാഥത്വം, ഊർജ്ജം തുടിക്കുന്ന യുവാക്കളുടെ അകാല വിയോഗം, ചികിത്സയ്ക്കും മരുന്നിനും ചെലവിടുന്ന സമയത്തിന്റെയും പണത്തിന്റെയും നഷ്ടം എന്നിവയൊക്കെ അപകടങ്ങളുടെ അനന്തരഫലങ്ങളാണ്. സ്ഥിതിവിവരക്കണക്കുകൾ കാണിച്ചുതരുന്ന കണക്കുകൾ സൂക്ഷിച്ച് പരിശോധിക്കുകയാണെങ്കിൽ, മിക്ക വാഹനാപകടങ്ങളുടെയും കാരണക്കാരൻ വാഹനമോടിക്കുന്ന വ്യക്തിയാണെന്ന് നമുക്ക് മനസ്സിലാകും, കാരണം അവഗണനയും തെറ്റായ പെരുമാറ്റവും നിരോധിക്കപ്പെട്ട വാഹന മറികടക്കലും ഉത്തരവാദിത്തമില്ലായ്മയുമാണ് അപകടങ്ങൾക്ക് പിന്നിൽ.

സത്യത്തിൽ കൃത്യമായ വസ്തുതകളും സാക്ഷ്യപ്പെടുത്തിയ അപകടസംഭവങ്ങളുമാണ് കണക്കുകൾ പറയുന്നത്, വ്യക്തിയെയും ഗ്രൂപ്പിനെയും ഇവയുടെ ഗുരുതരസ്വഭാവം നേരിട്ടുള്ള ഉത്തരവാദിത്തത്തിന് മുന്നിൽ നിർത്തുന്നു. അപകടങ്ങളിൽ പെട്ട് മരണമടയുന്നവർ യുവാക്കളാണെന്നും കുടുംബത്തിന്റെ ആശ്രയകേന്ദ്രങ്ങളാണെന്നും സമൂഹത്തിലെ ഉൽപ്പാദനവ്യവസ്ഥയുടെ നട്ടെല്ലാണെന്നും അറിയുമ്പോൾ അപകടങ്ങളുടെ അനന്തരഫലങ്ങൾ കൂടുതൽ ഭയാനകമായി തോന്നും. ഭൂമിയിലെ കുഴപ്പങ്ങളുടെ ഏതെങ്കിലും രൂപമാണോ ഈ അപകടങ്ങൾ? വ്യക്തികളുടെയും സമൂഹങ്ങളുടെയും സുരക്ഷയെ ഇത് യഥാർത്ഥത്തിൽ ഭീഷണിപ്പെടുത്തുന്നു, രാജ്യത്തിന്റെ സാമ്പത്തിക സ്ഥിരതയെ അപകടസാധ്യതയിലാക്കുന്നു. സർവ്വശക്തനായ അല്ലാഹു ഇതിനെ കുറിച്ച് പറഞ്ഞിരിക്കുന്നത് കേട്ടാൽ, അപകടങ്ങൾക്ക് കാരണമായവർ എങ്ങനെ പ്രതികരിക്കും? പരമകാരുണികൻ പറയുന്നു, [മറ്റൊരാളെ കൊന്നതിന് പകരമായോ, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ, അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു. നമ്മുടെ ദൂതൻമാർ വ്യക്തമായ തെളിവുകളുമായി അവരുടെ (ഇസ്രായീല്യരുടെ) അടുത്ത് ചെന്നിട്ടുണ്ട്. എന്നിട്ട് അതിനു ശേഷം അവരിൽ ധാരാളം പേർ ഭൂമിയിൽ അതിക്രമം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്] (സൂറത്ത് അൽ മാഇദ 32). അമിതവേഗത പരിക്കുകളും അംഗവൈകല്യങ്ങളും ഉണ്ടാക്കുക മാത്രമല്ല, ആളുകളുടെ ജീവനും ഇതെടുക്കുന്നു. സർവ്വശക്തനായ അല്ലാഹു പറയുന്നു, [സത്യവിശ്വാസികളേ, നിങ്ങൾ പരസ്പരം സംതൃപ്തിയോടുകൂടി നടത്തുന്ന കച്ചവട ഇടപാടു മുഖേനയല്ലാതെ നിങ്ങളുടെ സ്വത്തുക്കൾ അന്യായമായി നിങ്ങൾ അന്യോന്യം എടുത്ത് തിന്നരുത്. നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു. ആരെങ്കിലും അതിക്രമമായും അന്യായമായും അങ്ങനെ ചെയ്യുന്ന പക്ഷം നാമവനെ നരകാഗ്നിയിലിട്ട് കരിക്കുന്നതാണ്. അത് അല്ലാഹുവിന് എളുപ്പമുള്ള കാര്യമാകുന്നു] (സൂറത്ത് അൽ നിസാഅ് 29 - 30). ട്രാഫിക്ക് നിയമങ്ങൾ പാലിക്കാതെയും ലംഘിച്ചുകൊണ്ടും മറ്റുള്ളവരെ അപകടത്തിലേക്ക് നയിക്കുന്നവർ ഇതറിയുന്നില്ലേ? മനുഷ്യാവകാശങ്ങളോടുള്ള ബഹുമാനം ആളുകളിൽ നിറയ്ക്കുന്നതിന്, ഒരു ദിവസം മുഹമ്മദ് നബി (സ്വ) കാബയ്ക്ക് മുന്നിൽ നിന്നുകൊണ്ട് ഇങ്ങനെ പറഞ്ഞു (നീ എത്ര പരിശുദ്ധവും നല്ലതുമാണ്! എത്ര പരിശുദ്ധവും നല്ലതുമാണ് നിന്റെ സുഗന്ധം! എത്രയോ മഹത്തരവും ഔന്നത്യമുള്ളതുമാണ് നീ! എത്രയോ മഹത്തരവും ഔന്നത്യമുള്ളതുമാണ് നിന്റെ പവിത്രത! എന്നാൽ മുഹമ്മദിന്റെ ആത്മാവ് ആരുടെ കയ്യിലാണോ ആ അല്ലാഹുവിന്റെ കണ്ണിൽ, ഒരു വിശ്വാസിയുടെ രക്തത്തിന്റെയും സ്വത്തിന്റെയും പവിത്രത, നിന്റെ പവിത്രതയേക്കാൾ മഹത്തരമാണ്!).

അതിനാൽ, അല്ലാഹുവിന്റെ ദാസരേ, അല്ലാഹുവിനെ ഭയപ്പെടുക, നിങ്ങളുടെ ജീവിതവും മറ്റുള്ളവരുടെ ജീവിതവും അപകടസാധ്യതയിലാക്കുന്ന എന്തിനെ കുറിച്ചും ജാഗ്രത പാലിക്കുക, പണനഷ്ടത്തിനും അസുഖത്തിനും ഒരിക്കലും കാരണമാകാതിരിക്കുക.

അല്ലാഹുവേ, സന്ദേശവാഹകരുടെ നേതാവായ മുഹമ്മദ് നബിയിൽ (സ്വ) അങ്ങയുടെ അനുഗ്രഹം ചൊരിയുക, കാരണം വിശുദ്ധ പുസ്തകത്തിൽ അല്ലാഹു ഇങ്ങനെ പറയുന്നു: [തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിയോട് (സ്വ) കാരുണ്യം കാണിക്കുന്നു. സത്യവിശ്വാസികളേ, നിങ്ങൾ അദ്ദേഹത്തിന്റെ മേൽ (അല്ലാഹുവിന്റെ) കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർത്ഥിക്കുക] (സൂറത്ത് അൽ അഹ്സാബ് 56).

അല്ലാഹു! അബ്രാഹമിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ കരുണ ചൊരിഞ്ഞത് പോലെ മുഹമ്മദിന്റെയും (സ്വ) അവന്റെ കുടുംബത്തിന്റെയും മേൽ നീ കരുണ ചൊരിയേണമേ. അബ്രാഹമിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ അനുഗ്രഹം ചൊരിഞ്ഞത് പോലെ മുഹമ്മദിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ അനുഗ്രഹം ചൊരിയേണമേ. നീ മാത്രമാണ് ആരാധനയ്ക്ക് അർഹനും ഏറ്റവും ശ്രേഷ്ഠനും.

ധർമ്മനിഷ്ഠരായ ഖലീഫയുടെയും അവന്റെ കുടുംബത്തിന്റെയും അനുയായികളുടെയും വിശ്വാസികളുടെയും മേൽ അന്തിമ വിധി ദിവസം വരെയും നീ കരുണ ചൊരിയണേ. ഞങ്ങളിലും കരുണ ചൊരിയണേ. അല്ലാഹു, നീയാണ് ഏറ്റവും ദയാപരൻ.

അല്ലാഹു! ഇവിടെ കൂടിയിരിക്കുന്ന ഞങ്ങളെ അനുഗ്രഹിക്കണേ, ഞങ്ങളെ സമാധാനത്താൽ പ്രസരിപ്പിക്കണേ, പാപത്തിൽ നിന്ന് പരിരക്ഷിക്കണേ, ഞങ്ങളുടെ മതത്തിൽ ഞങ്ങൾക്ക് പോരായ്മകളൊന്നും തോന്നിക്കരുതേ.

അല്ലാഹു! മാർഗ്ഗനിർദ്ദേശവും ഭക്തിയും പരിശുദ്ധിയും ധനവും തന്ന് ഞങ്ങളെ അനുഗ്രഹിക്കണേ.

അല്ലാഹു! സത്യസന്ധമായ നാവും പാപബോധമുള്ളതും വിനയമുള്ളതുമായ ഹൃദയവും ധർമ്മനിഷ്ഠമായ പ്രവൃത്തികളും ഉപയോഗപ്രദമായ അറിവും ഉറച്ചതും പരിശുദ്ധവുമായ വിശ്വാസവും നിയമപരമായ ഉപജീവനമാർഗ്ഗവും തന്ന് ഞങ്ങളിൽ ഓരോരുത്തരെയും അനുഗ്രഹിക്കണേ. അല്ലാഹു, നീ മാത്രമാണ് ഏറ്റവും ശ്രേഷ്ഠനും ബഹുമാന്യനും.

അല്ലാഹു! ഇസ്ലാമിനും മുസ്ലീങ്ങൾക്കും യശസ്സ് തരേണമേ. ഇസ്ലാമിനും മുസ്ലീങ്ങൾക്കും പിന്തുണയും ഐക്യവും നൽകണേ. അല്ലാഹു! സ്വേച്ഛാധിപതികളെയും അവിശ്വാസികളെയും താഴ്ത്തണേ. അല്ലാഹു! ഞങ്ങൾ എല്ലാ ദാസർക്കും സമാധാനവും സുരക്ഷയും നൽകണേ.

അല്ലാഹു! ഞങ്ങളുടെ മാതൃരാജ്യത്തിന് സുരക്ഷിതത്വം നൽകണേ! ഞങ്ങളുടെ മാതൃരാജ്യത്തിൽ ഞങ്ങൾക്ക് നീണ്ട സുരക്ഷയും സ്ഥിരതയും നൽകണേ! ഞങ്ങളുടെ സുൽത്താന് യശസ്സ് നൽകണേ, സത്യ പിന്തുണ നൽകിക്കൊണ്ടും സത്യത്തിലേക്ക് നയിച്ചുകൊണ്ടും ഞങ്ങളുടെ സുൽത്താനെ സഹായിക്കണേ.

അല്ലാഹു! ആകാശത്തിൽ നിങ്ങൾക്കായി മഴയെ അയയ്ക്കണേ, രാത്രിയും പകലും നിന്നെ ഓർക്കുന്നവരായും പ്രഭാതത്തിലും സായാഹ്നത്തിലും നിന്റെ മാപ്പിന് അപേക്ഷിക്കുന്നവരായും ഞങ്ങളെ മാറ്റണേ.

അല്ലാഹു! ആകാശത്തിന്റെ അനുഗ്രഹങ്ങളും ഭൂമിയുടെ ഔദാര്യവും ഞങ്ങളിൽ ചൊരിയണേ. ഞങ്ങളുടെ ഫലങ്ങളും വിളകളും ഞങ്ങളുടെ ഉപജീവനമാർഗ്ഗവും അനുഗ്രഹിക്കണേ. അല്ലാഹു, നീയാണ് ഏറ്റവും ശ്രേഷ്ഠനും ബഹുമാന്യനും.

അല്ലാഹു! ഈ ലോകത്തിലും പരലോകത്തിലും ഞങ്ങൾക്ക് നല്ലത് തരേണമേ, അഗ്നി ശിക്ഷയിൽ നിന്ന് ഞങ്ങളെ പരിരക്ഷിക്കണേ."

നീ നിർദ്ദേശിച്ചതിൽ നിന്ന് ഞങ്ങളുടെ ഹൃദയങ്ങൾ വ്യതിചലിക്കാൻ അനുവദിക്കരുതേ, നിന്റെ കരുണ ഞങ്ങളിൽ ചൊരിയേണമേ, തീർച്ചയായും നീ മാത്രമാണ് അനുഗ്രഹം ചൊരിയുന്നവൻ.

അല്ലാഹു! ഞങ്ങൾ ഞങ്ങളോട് തന്നെ തെറ്റുചെയ്തവരാണ്. നീ മാപ്പ് തരികയും ദയ കാണിക്കുകയും ചെയ്തില്ലെങ്കിൽ ഞങ്ങൾ പരാജിതരാകും."

അല്ലാഹു! ജീവിക്കുന്നവരും മരിച്ചവരുമായ, വിശ്വാസികളായ എല്ലാ പുരുഷന്മാർക്കും സ്ത്രീകൾക്കും മാപ്പ് നൽകണേ. നീ മാത്രമാണ് ഞങ്ങളുടെ പ്രാർത്ഥന കേൾക്കുന്നവനും അനുഗ്രഹങ്ങൾ നൽകുന്നവനും.

അല്ലാഹുവിന്റെ ദാസരേ! [തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നന്മ ചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്. അവൻ വിലക്കുന്നത് നീചവൃത്തിയിൽ നിന്നും ദുരാചാരത്തിൽ നിന്നും അതിക്രമത്തിൽ നിന്നുമാണ്. നിങ്ങൾ ചിന്തിച്ചു ഗ്രഹിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്കു ഉപദേശം നൽകുന്നു]